റവന്യൂ പുറംപോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി

29 (2787) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ ആലുവാ താലൂക്കിൽ തയ്യംപുഴ വില്ലേജിൽ വർഷങ്ങളായി കൈവശം വച്ച് അനുഭവിച്ചുവരുന്ന റവന്യൂ പുറംപോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് എന്നത്തേക്ക് നൽകുവാൻ കഴിയും ;

(സി) റവന്യൂ പുറംപോക്ക് ഭൂമി കൈവശക്കാർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സമായ ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ ;

(ഡി) കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാത്തതുമൂലം റവന്യൂ പുറംപോക്കിൽ താമസിക്കുന്ന നിർദ്ധനരായ കുടുംബങ്ങൾക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ആനുകൂല്യം നിഷേധിക്കപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും, റവന്യൂ പുറംപോക്കിൽ താമസിക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് ഹഡ്കോ മുതലായ സ്ഥാപനങ്ങൾ പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പരിപാടിയുടെ ആനുകൂല്യം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസൈൻമെന്റ് ഓർഡർ നൽകി കക്ഷികൾ തുക അടയ്ക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

(സി) കായൽ, പുഴ, തോട് പുറംപോക്കുകളിലെ കൈവശക്കാർക്ക് കൈവശരേഖ നൽകുന്നത് ഹൈക്കോടതി നിരോധിച്ചിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) റവന്യൂ പുറംപോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വീട് നമ്പർ ഇട്ടിട്ടുള്ള കുടുംബങ്ങൾക്ക് 7-7-1997-ലെ ജി.ഒ.എം.എസ്.511/97/ആർ.ഡി ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട്, പൊതുമേഖലാ ബാങ്കുകൾ, ഭവനനിർമ്മാണ ബോർഡ് മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഭവനനിർമ്മാണ വായ്പ ആവശ്യത്തിന് മാത്രമായി കൈവശരേഖ നൽകുന്നതിന് 3-6-2003-ൽ ജി.ഒ.എം.എസ്.174/03 റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly